കെ. എസ്. ആർ. ടി. സി. യിലെ പങ്കാളിത്ത പെൻഷൻ പദ്ധതി

204 (3993) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.യിൽ പുതുതായി സർവ്വീസിൽ ചേരുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ആലോചനയുണ്ടോ ?

ഉത്തരം

(എ) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഡീസലിന് പകരം പ്രകൃതിവാതകം

205 (3994) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06-ൽ കെ.എസ്.ആർ.ടി.സി.യിൽ ഒരു ലിറ്റർ ഡീസലിന് എത്ര കിലോമീറ്റർ ഇന്ധനക്ഷമത കിട്ടുമായിരുന്നു ; ആയത് ഇപ്പോൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതുവഴി ഓരോ മാസവും എത്ര കോടി രൂപ കെ.എസ്.ആർ. ടി.സി.ക്ക് ലാഭിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ;

(സി) ഡീസലിനെ അപേക്ഷിച്ച് പ്രകൃതി വാതകം ഉപയോഗിച്ചു തുടങ്ങിയാൽ കെ.എസ്.ആർ.ടി.സി.ക്ക് വരുന്ന ഇന്ധനചെലവ് എത്ര ശതമാനമായി കുറയ്ക്കുവാൻ കഴിയുമെന്നും ആയതുവഴി പ്രതിമാസം എത്ര കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ഡി) പരിസ്ഥിതി സൗഹാർദ്ദപരമായ പ്രകൃതിവാതക പദ്ധതി അടിയന്തരമായി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2005-06-ൽ ഒരു ലിറ്റർ ഡീസലിന് 3.87 കി. മീറ്റർ ഇന്ധനക്ഷമതയാണ് ലഭിച്ചിരുന്നത്. ഇപ്പോൾ ഒരു ലിറ്റർ ഡീസലിന് 4.27 കി. മീറ്റർ ആയി വർദ്ധിച്ചു.

(ബി) പ്രതിമാസം 1,34,82,852 രൂപ ലാഭിക്കുവാൻ കഴിഞ്ഞു.

(സി) സി. എൻ. ജി. ഉപയോഗിക്കുമ്പോൾ കെ. എസ്. ആർ. ടി. സി. യുടെ ഇന്ധന ചെലവിൽ 45% കുറവ് പ്രതീക്ഷിക്കുന്നു. 2012-13-ൽ കേരളത്തിൽ സി. എൻ. ജി. ലഭ്യമാകുമ്പോൾ അന്നത്തെ ഡീസലിന്റേയും സി. എൻ. ജി. യുടേയും വില കണക്കാക്കി മാത്രമേ യഥാർത്ഥ ലാഭം കണക്കാക്കാൻ കഴിയൂ.

(ഡി) 2012-13-ഓടെ കേരളത്തിൽ സി. എൻ. ജി. ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. അപ്പോൾ കെ. എസ്. ആർ. ടി. സി. വാഹനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly